REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 30-08-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രണ്ട് ദിവസത്തെ സന്ദർശനത്തിന് ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ ഇന്ന് കേരളത്തിലെത്തും.**
- **സംസ്ഥാനത്തെ ഓണം വാരാഘോഷത്തിന് വൈകിട്ട് സമാപനം.**
- **പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത് രാവിലെ 11 ന്.**
- **ഗവൺമെന്റ് ആശുപത്രികളിലെ ഡോക്ടർമാരുടെയും ജീവനക്കാരുടെയും ഒഴിവുകൾ നികത്തുമെന്ന് മന്ത്രി കെ മുരളീധരൻ.**
- **നേപ്പാളിൽ മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 675 ആയി.**
- **ദുബായിൽ, ഏഷ്യ കപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റിൽ, ഇന്ത്യ ഇന്ന് ആദ്യ മത്സരത്തിനിറങ്ങും.**

## വാർത്തകൾ വിശദമായി

രണ്ട് ദിവസത്തെ സന്ദർശനത്തിന് ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ ഇന്ന് കേരളത്തിലെത്തും. രാവിലെ ഏഴേമുക്കാലോടെ കൊച്ചിയിലെത്തുന്ന അദ്ദേഹം ആലപ്പുഴയിൽ കേരള കൗമുദിയുടെ 115-ാം വാർഷികാഘോഷങ്ങളിൽ പങ്കെടുക്കും.

ഡെസ്ക് റിപ്പോർട്ട്

..........വോയ്സ്..........

പദ്മഭൂഷൺ ബഹുമതി ലഭിച്ച എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനെ ആദരിക്കുന്ന ചടങ്ങിലും ഉപരാഷ്ട്രപതി പങ്കെടുക്കും. ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ മുഖ്യാതിഥിയാകും.

തുടർന്ന് പത്തനംതിട്ടയിൽ ആറന്മുള ഉതൃട്ടാതി ജലോത്സവവും വൈകിട്ട് തിരുവനന്തപുരത്ത് ഓണം വാരാഘോഷത്തിന്റെ സമാപന പരിപാടിയും ഉദ്ഘാടനം ചെയ്യും. നാളെ ലക്ഷദ്വീപ് സന്ദർശനത്തിന് ശേഷം കേരളത്തിൽ തിരികെയെത്തുന്ന സി. പി. രാധാകൃഷ്ണൻ, കൊച്ചി കാക്കനാട്ടെ രാജഗിരി സ്കൂൾ ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയുടെ രജതജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കും.

✪✪✪

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണന്റെ സന്ദർശനത്തോട് അനുബന്ധിച്ച് പത്തനംതിട്ട ജില്ലയിൽ സുരക്ഷ ശക്തമാക്കി. പത്തനംതിട്ട, ആറന്മുള പ്രദേശങ്ങളിൽ ഉച്ചയ്ക്ക് 11.30ന് ശേഷം ഗതാഗത നിയന്ത്രണം ഏർപ്പെടുത്തും.

ഉച്ചയ്ക്ക് 12ന് ആലപ്പുഴയിൽ നിന്ന് ഹെലികോപ്റ്റർ മാർഗ്ഗം പത്തനംതിട്ട പ്രമാടം ഇൻഡോർ സ്റ്റേഡിയത്തിലെത്തുന്ന ഉപരാഷ്ട്രപതി റോഡുമാർഗം 12:35 ഓടെ ആറന്മുളയിലെത്തും. ഉച്ചയ്ക്ക് ഒന്നരയ്ക്കാണ് ആറന്മുള വള്ളംകളി ഉദ്ഘാടനം.

✪✪✪

രണ്ടു ദിവസത്തെ സന്ദർശനത്തിന് ഉസ്ബെക്കിസ്ഥാനിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് താഷ്കെന്റിൽ ഉസ്ബെക്കിസ്ഥാൻ യോഗ ഫെഡറേഷൻ സംഘടിപ്പിക്കുന്ന യോഗ പരിപാടിയിൽ പങ്കെടുക്കും.തുടർന്ന് പ്രസിഡൻഷ്യൽ കൊട്ടാരത്തിൽ ഉസ്ബെക്കിസ്ഥാൻ പ്രസിഡന്റ് ഷൗക്കത്ത് മിർസിയോയേവുമായി ഉഭയകക്ഷി ചർച്ചകൾ നടത്തും. വ്യാപാരം-നിക്ഷേപം, പ്രതിരോധം, ഡിജിറ്റൽ കണക്റ്റിവിറ്റി, ഊർജ്ജം, വിദ്യാഭ്യാസം എന്നീ മേഖലകളിലെ സഹകരണം ഇരുനേതാക്കളും അവലോകനം ചെയ്യും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത് രാവിലെ 11 ന് ആകാശവാണിയിലും ദൂരദർശനിലും. പരിപാടിയുടെ 137-ാം പതിപ്പാണിത്. ആകാശവാണിയുടെ എല്ലാ നിലയങ്ങളും ദൂരദർശനും പരിപാടി തത്സമയം പ്രക്ഷേപണം ചെയ്യും. തുടർന്ന് പ്രാദേശിക ഭാഷകളിലെ പരിഭാഷയും കേൾക്കാവുന്നതാണ്.

✪✪✪

സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളിൽ ഡോക്ടർമാരുടെയും ജീവനക്കാരുടെയും ഒഴിവുകൾ നികത്തുമെന്ന് മന്ത്രി കെ മുരളീധരൻ അറിയിച്ചു. തിരുവല്ല താലൂക്ക് ആശുപത്രിയിൽ നിർമ്മാണം പൂർത്തിയായ ലക്ഷ്യ ലേബർ റൂം, പോളി ഡെന്റൽ ക്ലിനിക്, ഓക്സിജൻ പ്ലാൻറ്, ജീറിയാട്രിക് വാർഡ് എന്നിവ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

വിവിധ ആശുപത്രികളിൽ 139 ഡോക്ടർമാരെ പുതിയതായി നിയമിച്ചെന്നും ഇവർ ഉടൻ ചുമതല ഏൽക്കുമെന്നും മുരളീധരൻ പറഞ്ഞു.

✪✪✪

നേപ്പാളിലെ മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 675 ആയി ഉയർന്നു. 320 വിദേശ പൗരന്മാരടക്കം 2,400 പേരെ കാണാതായിട്ടുണ്ട്. 261 വിദേശ വിനോദസഞ്ചാരികളടക്കം 4,400-ലധികം പേരെ രക്ഷപ്പെടുത്തുകയോ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റുകയോ ചെയ്തു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 15,000-ത്തിലധികം സുരക്ഷാ ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്. കനത്ത നാശനഷ്ടങ്ങൾ സംഭവിച്ച റാസുവ ജില്ലയിൽ, മഴയും മൂടൽമഞ്ഞും കാരണം താൽക്കാലികമായി നിർത്തിവെച്ചിരുന്ന തിരച്ചിൽ - രക്ഷാപ്രവർത്തനങ്ങൾ ഇന്നലെ പുനരാരംഭിച്ചതായി അധികൃതർ അറിയിച്ചു.

✪✪✪

നേപ്പാളിലെ പ്രളയത്തെ തുടർന്ന് ഹെൽപ് ഡെസ്ക്കിൽ ബന്ധപ്പെട്ട 16 പേർ കൂടി നാട്ടിലെത്തിയതായി നോർക്കാ റൂട്ട്സ് അറിയിച്ചു.

കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് സ്മിതി എം പള്ളുരുത്തി...

...........വോയ്സ്........

നേപ്പാളിലെ പ്രളയത്തെ തുടർന്ന് ഇതുവരെ ആശയവിനിമയം സാധ്യമാകാതിരുന്ന എട്ടു പേരിൽ ഒരാളായ എറണാകുളം സ്വദേശി അടക്കം 16 കേരളീയർ കൂടി നാട്ടിൽ തിരിച്ചെത്തിയതായി നോർക്കാ റൂട്ട്സ് അറിയിച്ചു. ഹെൽപ്പ് ഡെസ്ക്കിൽ ബന്ധപ്പെട്ട 45 പേരുടെ സുരക്ഷിതത്വം ഉറപ്പിക്കാനായിട്ടുണ്ട്. ഇവർ നേപ്പാളിലും ഇന്ത്യയിലും വിവിധ സ്ഥലങ്ങളിൽ സുരക്ഷിതരായി കഴിയുന്നുണ്ട്. നേപ്പാളിൽ നിന്ന് ഇന്ത്യയിലെത്തിയവർക്ക് കേരളത്തിലേക്കു യാത്ര ചെയ്യാൻ സൗകര്യങ്ങൾ ഒരുക്കിയതായും നോർക്കാ റൂട്ട്സ് അധികൃതർ തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

നേപ്പാളിലെ മിന്നൽ പ്രളയത്തിൽ ഇതുവരെ 108 ഇന്ത്യൻ പൗരന്മാരെ രക്ഷപ്പെടുത്തിയതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. നേരത്തെ ബന്ധപ്പെടാൻ കഴിയാതിരുന്ന അമ്പതോളം ഇന്ത്യൻ പൗരന്മാരുമായി ബന്ധം പുനഃസ്ഥാപിച്ചതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ സാമൂഹിക മാധ്യമത്തിൽ അറിയിച്ചു.

✪✪✪

മുല്ലപ്പെരിയാർ സമഗ്ര സുരക്ഷാ പരിശോധന സമിതി മറ്റന്നാൾ ഡാം സന്ദർശിക്കുമെന്ന് മന്ത്രി മോൻസ് ജോസഫ് അറിയിച്ചു. സുപ്രീം കോടതി നിർദേശിച്ച സമ്പൂർണ്ണ സുരക്ഷാ പരിശോധന നടത്തണമെന്ന് കേരളം ആവശ്യപ്പെടുമെന്നും, തയ്യാറായില്ലെങ്കിൽ സുപ്രീംകോടതിയെ സമീപിക്കുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

സേവനങ്ങൾ അതിവേഗം ജനങ്ങളിലെത്തിക്കുകയാണ് സംസ്ഥാന ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് മന്ത്രി എ.പി അനിൽകുമാർ പറഞ്ഞു. മലപ്പുറം തൃപ്രങ്ങോട്, എടയൂർ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവർത്തി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

KAP, MSP ബറ്റാലിയനുകളുടെ പാസിംഗ് ഔട്ട് പരേഡ് നാളെ കണ്ണൂരിൽ നടത്തും. മന്ത്രി രമേശ് ചെന്നിത്തല അഭിവാദ്യം സ്വീകരിക്കും. KAP നാലാം ബറ്റാലിയനിലെ 166 പേരും MSP മലപ്പുറത്തെ 139 പേരും ഉൾപ്പെടെ 305 പേരാണ് പരിശീലനം പൂർത്തിയാക്കിയത്.

✪✪✪

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടറുടെ താൽക്കാലിക ചുമതല എറണാകുളം ജില്ലാ കളക്ടർ ജി. പ്രിയങ്കക്ക് നൽകി സംസ്ഥാന ഗവൺമെന്റ് ഉത്തരവിറിക്കി.

നിലവിലെ മാനേജിങ് ഡയറക്ടർ ലോക്നാഥ് ബെഹ്റയുടെ കാലാവധി ഇന്ന് അവസാനിക്കുന്ന സാഹചര്യത്തിലാണ് പുതിയ തീരുമാനം. ഇന്നു മുതൽ പ്രിയങ്ക, നിലവിലെ ചുമതലകൾക്കു പുറമേ KMRL മാനേജിങ് ഡയറക്ടറുടെ അധിക ചുമതലയും വഹിക്കും.

✪✪✪

ഏഷ്യ കപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ആദ്യ മത്സരത്തിനിറങ്ങും. ദുബായ് ഇന്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ തായ്‌ലാന്റാണ് ഇന്ത്യയുടെ എതിരാളികൾ. ഇന്ത്യൻ സമയം രാത്രി 8.30 ന് മത്സരം ആരംഭിക്കും.

✪✪✪

തിരുവനന്തപുരത്ത് കേരള ക്രിക്കറ്റ് ലീഗിൽ കൊച്ചി ബ്ലൂ ടൈഗേഴ്സ്, തൃശൂർ ടൈറ്റൻസിനെ ഒരു റണ്ണിന് തോൽപ്പിച്ചു. ആദ്യം ബാറ്റ് ചെയ്ത കൊച്ചി ഉയർത്തിയ 171 റൺസ് പിന്തുടർന്ന തൃശൂർ ടൈറ്റൻസിന് 20 ഓവറിൽ 170 റൺസെടുക്കാനെ കഴിഞ്ഞുള്ളൂ.

✪✪✪

പൊന്നാനി കടവനാട്ടെ പൂക്കൈത പുഴ ജലോത്സവം ഇന്ന്. മത്സരത്തിന് ട്രാക്കുകൾ നിശ്ചയിക്കുന്ന ഹീറ്റ്സ് നറുക്കെടുപ്പ് ഇന്നലെ പൂർത്തിയായി. 10 മേജർ വള്ളങ്ങളും 11 മൈനർ വള്ളങ്ങളുമാണ് മത്സരത്തിൽ പങ്കെടുക്കുന്നത്. പൊന്നാനി നഗരസഭയുടെ സഹകരണത്തോടെ ജനകീയ കമ്മിറ്റിയാണ് വള്ളംകളി സംഘടിപ്പിക്കുന്നത്.

✪✪✪

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ 37 കേസുകളിൽ 46 പേർ കൂടി അറസ്റ്റിലായി. ഇതോടെ ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി എടുത്ത കേസുകളുടെ എണ്ണം 9,808 ആയി ഉയർന്നു. ആകെ 10,581 പേരെയാണ് ഇതുവരെ അറസ്റ്റ് ചെയ്തത്.

✪✪✪

KSRTC ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകാതിരിക്കുന്നത് നിയമവിരുദ്ധവും ഭരണഘടന ഉറപ്പു നൽകുന്ന അവകാശങ്ങളുടെ ലംഘനവുമാണെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് പറഞ്ഞു.

ഗവൺമെന്റിന് വേണ്ടി ഗതാഗതവകുപ്പ് സെക്രട്ടറി, KSRTC മാനേജിംഗ് ഡയറക്ടർ, ലോ ഓഫീസർ, ജീവനക്കാരുടെ യൂണിയൻ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി എത്രയും വേഗം കാര്യങ്ങൾ ചർച്ചചെയ്ത് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന കാര്യത്തിൽ തീരുമാനമെടുക്കണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. ജീവനക്കാരുടെ സംഘടന സമർപ്പിച്ച പരാതിയിലാണ് കമ്മീഷന്റെ നിർദേശം.

✪✪✪

കോഴിക്കോട് മാനാഞ്ചിറ - മലാപ്പറമ്പ് നാലുവരിപ്പാത നിർമ്മാണം ഉൾപ്പെടെ ജില്ലയിലെ എല്ലാ റോഡ് നിർമ്മാണ വികസന പ്രവർത്തനങ്ങളിലും പൊതുജന സുരക്ഷ ഉറപ്പാക്കാൻ ബാരിക്കേടുകൾ, മുന്നറിയിപ്പ് ബോർഡുകൾ, മതിയായ ലൈറ്റിംഗ് സുരക്ഷാ സംവിധാനങ്ങൾ എന്നിവ നിർബന്ധമായും ഏർപ്പെടുത്തണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടു.

സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത കരാറുകാർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർ നിർദ്ദേശം നൽകണമെന്ന് കമ്മീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ഉത്തരവിൽ പറഞ്ഞു.

✪✪✪

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിലെ തീരപ്രദേശങ്ങളിൽ കാലാവസ്ഥാ വകുപ്പ് ജാഗ്രത നിർദേശം നൽകി. തിരുവനന്തപുരം കാപ്പിൽ മുതൽ പൊഴിയൂർ വരെയും, കാസർഗോഡ് കുഞ്ചത്തൂർ മുതൽ കോട്ടക്കുന്ന് വരെയും രാത്രി 11.30 വരെ കടലാക്രമണത്തിന് സാധ്യതയുണ്ട്. കന്യാകുമാരി തീരത്തും മുന്നറിയിപ്പുണ്ട്. മീൻപിടുത്തക്കാരും തീരവാസികളും ജാഗ്രത പാലിക്കണം.

✪✪✪

ടൂറിസം വകുപ്പും ജില്ലാ ഭരണകൂടവും കാസർകോട് മുൻസിപ്പാലിറ്റിയും സംഘടിപ്പിക്കുന്ന ഓണം വാരാഘോഷം വൈകിട്ട് സമാപിക്കും. അവസാന ദിനമായ ഇന്ന് വൈകിട്ട് മൂന്നിന് തായലങ്ങാടി ക്ലോക്ക് ടവറിൽ നിന്ന് ഘോഷയാത്ര ആരംഭിക്കും. പുതിയ ബസ് സ്റ്റാൻഡിൽ സമാപിക്കും.

✪✪✪

സംസ്ഥാന വിനോദസഞ്ചാര വകുപ്പും കോഴിക്കോട് ജില്ലാ ഭരണകൂടവും സംഘടിപ്പിക്കുന്ന ഓണാഘോഷപരിപാടികൾ ഇന്ന് സമാപിക്കും സമാപന സമ്മേളനം മന്ത്രി എ പി അനിൽകുമാർ ഉദ്ഘാടനം ചെയ്യും. തുടർന്ന് സ്റ്റീഫൻ ദേവസ്സിയുടെ സംഗീതപരിപാടിയുമുണ്ടാകും.

✪✪✪

മന്ത്രി VE അബ്ദുൾ ഗഫൂറിന്റെ നാളത്തെ കാസർകോട് ജില്ലാ സന്ദർശനം അടുത്ത മാസം എട്ടിലേക്ക് മാറ്റി. സെപ്റ്റംബർ എട്ടിന് ചൊവ്വാഴ്ച കാസർകോട് എച്ച്ഇഡിയിലെ കോൺഫറൻസ് ഹാളിലെ അവലോകന യോഗത്തിലും, ഉച്ചയ്ക്ക് മത്സ്യഫെഡിന്റെ 'മികവ്' പരിപാടിയിലും മന്ത്രി പങ്കെടുക്കും. വൈകീട്ട് മഞ്ചേശ്വരം തുറമുഖത്ത് 100 ദിനകർമ്മ പരിപാടിയും മന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

ഗണേഷ് ചതുർത്ഥി ആഘോഷങ്ങളോടനുബന്ധിച്ച് അടുത്ത മാസം 14 ന് കാസർകോട് റവന്യൂ ജില്ലയിലെ എല്ലാ ഗവൺമെന്റ് ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പ്രാദേശിക അവധി പ്രഖ്യാപിച്ചു. മുൻകൂട്ടി നിശ്ചയിച്ച യൂണിവേഴ്സിറ്റി പരീക്ഷകൾ, സ്കൂൾ ബോർഡ് പരീക്ഷകൾ, മറ്റ് പൊതു നിയമന പരീക്ഷകൾ എന്നിവയ്ക്ക് അവധി ബാധകമല്ലെന്ന് ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ അറിയിച്ചു.

✪✪✪

*News Editor & News Reader:  വി കെ സുരേഷ്*
*News Team:  അബ്ദുൾ കബീർ, രജിന കെ,*
*DEO: സി കെ സുബോധ്*